കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ww.ksad.kerala.gov.in

# തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/1743/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി.02-12-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1),(2) എന്നിവ കാണുക).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,മലപ്പുറം

4)കാര്യാലയ പകർപ്പ്.

എം.എ.12/2020

നം.കെ.എസ്.എ.എം.പി.എം.17/1743/2020

തിയതി:02-12-2020

## മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.03.2019 മുതൽ 09.11.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചു . ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.സതീഷ് മാവേലി പുത്തൻവീട് , (ഡെപ്യൂട്ടി ഡയറക്ടർ,(ഹയർ ഗ്രേഡ്))

-------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.11.2020 മുതൽ 19.11.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. സൽമത്ത് ടി.പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൾ റഷീദ് എം.പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |
| ശ്രീമതി. സുജിത പി.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി. കുമാരൻ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ബാബു ടി.കെ | 01.04.2018 മുതൽ 24.05.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ. ശ്രീനിവാസൻ എം (ഇൻ ചാർജ്) | 25.05.2018 |
| | ശ്രീ. അബ്ബാസ് | 26.05.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ശ്രീനിവാസൻ എം | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. ജുമൈലത്ത് വി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. അശ്വതി വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. മിനി സി | 01.04.2018 മുതൽ 18.07.2018 FN വരെ & 01.09.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി. ലീന പി | 18.07.2018 AN മുതൽ 31.08.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഡിസ് .പി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി വിജയലക്ഷ്മി | 01.04.2018 മുതൽ 09.07.2018 വരെ |
| | ഒഴിവ് | 10.07.2018 മുതൽ 12.07.2018 വരെ |
| | ശ്രീമതി. റംലത്ത് ടി | 13.07.2018AN മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഹമീദ് യു.എം | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. അബ്ദുൾ മഹറൂഫ് എച്ച്.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സൈറാ മോൾ | 01.04.2018 മുതൽ 12.12.2018 FN വരെ |
| | ഡോ. അസർ | 12.12.2018 AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജൻ | 01.04.2018 മുതൽ 27.06.2018 വരെ |
| | ഡോ. സമീറ കെ | 28.06.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| | | |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ | 1-12 |
| 13 | കെട്ടിട വാടക -അപാകതകൾ | 1-13 |
| 14 | റോഡ്കട്ടിംഗ്ചാർജ് - വിശദ വിവരങ്ങൾ ലഭ്യമല്ല | 1-14 |
| 15 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-15 |
| 16 | മരാമത്ത് പ്രവൃത്തികളിൽ സെന്ററിങ്ങിന് തെറ്റായ സ്പെസിഫിക്കേഷൻ അനുവദിച്ചു -അധിക ചെലവ് 101188 രൂപ തിരിച്ചടച്ചു. | 1-16 |
| 17 | സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയ 20380 രൂപ തിരിച്ചടച്ചു. | 1-17 |
| 18 | മരാമത്ത് പ്രവൃത്തികളിൽ മണ്ണിന് ഷ്രിങ്കേജ് കുറവ് ചെയ്തില്ല - അധിക ചെലവ് 3010 രൂപ തിരിച്ചടച്ചു | 1-18 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 1-19 |
| 20 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-20 |
| 21 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 22 | മുൻകൂർ തുകകൾ - വിശദവിവരങ്ങൾ ലഭ്യമല്ല | 1-22 |
| 23 | ശമ്പള പരിഷ്കരണ കുടിശ്ശിക - പെൻഷൻ അംശദാനം അടവാക്കേണ്ടതാണ് | 1-23 |
| 24 | അംഗൻവാടി കെട്ടിട നിർമ്മാണം - പൂർത്തീകരണവിവരം ലഭ്യമല്ല | 1-24 |
| 25 | നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-25 |
| 26 | തെരുവ് വിളക്ക് സ്ഥാപിക്കൽ - സൂപ്പർവിഷൻ വിഷൻ ചാർജ് നൽകൽ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | ശുചിത്വ മിഷൻ ഫണ്ട് - ചെലവു വിവരങ്ങൾ പൂർണ്ണമായി ലഭ്യമായില്ല | 1-27 |
| 28 | ലൈബ്രറി സെസ്സ് - തുക സമയബന്ധിതമായി അടവാക്കുന്നില്ല | 1-28 |
| 29 | പരിരക്ഷ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-29 |
| 30 | കുടിവെള്ള പദ്ധതികൾ-ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല-വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കുന്നു. | 1-30 |
| 31 | NREGS - 16-17 വർഷത്തിൽ ചെയ്ത പ്രവൃത്തികൾ _ MIS ൽ ക്ലോസ് ചെയ്തിട്ടില്ല | 1-31 |
| 32 | ആയോധന കലാ പരിശീലനം - വ്യക്തമായ വ്യവസ്ഥകളോ കരാറോ ഇല്ലാതെ നടപ്പാക്കിയത്-അനർഹമായി ചെലവഴിച്ച തുക തിരിച്ചടവാക്കേണ്ടതാണ്. | 1-32 |
| 33 | വീട് വാസ യോഗ്യമാക്കൽ മൂല്യ നിർണ്ണയ രേഖകൾ ഹാജരാക്കാതെ | 1-33 |

| | | |
|---|---|---|
| | ധനസഹായം അനുവദിക്കുന്നത് ക്രമപ്രകാരമല്ല | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 35 | ആയോധന കലാ പരിശീലനം - വ്യക്തമായ വ്യവസ്ഥകളോ കരാറോ ഇല്ലാതെ നടപ്പാക്കിയത്-അനർഹമായി ചെലവഴിച്ച തുക തിരിച്ചടവാക്കേണ്ടതാണ്. | 3-1 |
| ഭാഗം IV പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹ്യതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 44 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 48 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/26.03.2018 | 1/14.02.2019 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5646469 |
| | |

| | |
|---|---|
| വരവ് | 106695909 |
| ആകെ | 112342378 |
| ചെലവ് | 86369135 |
| നീക്കിയിരിപ്പ് | 25973243 |

## 1-4 ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 0 | 20716000 | 20716000 | 20133040 | 582960 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 5958000 | 5958000 | 5958000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 431000 | 431000 | 0 | 431000 (Lapsed) |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 14470000 | 14470000 | 10132510 | 4337490 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 4352000 | 4352000 | 2638003 | 1713997 |
| സെന്റ്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9615000 | 9615000 | 6350109 | 3264891 |
| സാക്ഷരത | | 2401.5 | 0 | 0 | 0 | 2401.5 |
| എം.ജി.എൻ. ആർ.ജി.എസ് | | 25376 | 18825509 | 18850885 | 18823887 | 26998 |
| TSC | കെ.ജി.ബി | 366501 | 0 | 0 | 0 | 366501 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) | | 1816070 | 11542447 | 13358517 | 0 | 13358517 |
| ജലനിധി | | | | | | |
| കുടുംബശ്രീ | | 3622 | 0 | 0 | 0 | 3622 |
| എസ്.ബി.എെ (NOAP) | | 354119.33 | 0 | 0 | 0 | 354119.33 |
| ബി-ഫണ്ട് | | 0 | 52286500 | 52286500 | 52286500 | 0 |
| VPFA 1-2 Treasury | | 913751 | 0 | 0 | 0 | 913751 |
| SBI Maternity | | 4898.38 | 0 | 0 | 0 | 4898.38 |
| തുപ്രങ്ങോട് സഹകരണ ബാങ്ക് Imprest | | 1420 | 0 | 0 | 0 | 1420 |
| എസ്.ബി.ഐ ഇ-പെയ്മെന്റ് | | 348033 | 614155 | 962188 | 0 | 962188 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 141187647 | 136 | 65079623 | 0 | 64 | 68 |

പാതിവഴിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25376 | 512509 | 537885 | 510887 | 26998 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18313000 | 18313000 | 18313000 | 0 |
| ആകെ | 25376 | 18825509 | 18850885 | 18823887 | 26998 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽ രഹിത വേതനം | 31800 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 3612000 | 184 |
| വിധവാപെൻഷൻ | 20701100 | 1392 |
| വാർദ്ധക്യകാല പെൻഷൻ | 22223500 | 1843 |
| ഭിന്നശേഷി പെൻഷൻ | 5067000 | 264 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 210000 | 7 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 441100 | 23 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2020 ന് 11 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാതു ദിവസം തന്നെ

പണം ബാങ്കിൽ അടവാക്കുന്നതിനാൽ നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1.തെരുവ് വിളക്കുകളുടെ എണ്ണം ഇനം എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല.

2.ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കുന്നില്ല.

3.അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2020 | ജനുവരി/ 2020 | 13.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.2010 | 2005-06 മുതൽ 2009-10 വരെ | 31.01.2011 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2018-19 ബാലൻസ് ഷീറ്റ്, Schedule B1 Landscape Statement-ലെ തുകകളിൽ അപാകതകളുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

- Excess Income over Expenditure-ലെ Opening Balance ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7717399.63/- രൂപ ആണ്. എന്നാൽ 2017-18-ലെ ബാലൻസ് ഷീറ്റ് Vertical Statement-ലെ ഇതേ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പ് തുക 7746649.13/- രൂപ ആണ്.

- Deductions during the Year എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 136211479/- രൂപയാണ്. എന്നാൽ 2018-19 വർഷത്തെ I&E സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 136186168/- രൂപയാണ്.

2. Receivables for Property Tax Residential (Current), Non Residential (Current) എന്ന ഹെഡുകളിൽ 2017-18ബാലൻസ് ഷീറ്റിൽ യഥാക്രമം 21,286/- രൂപ, 7964/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും, 2018-19-ലെ General Ledger Trial Balance-ലെ ഇതേ ഹെഡുകളിൽ OB ആയി തുകകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3. ലൈഫ് പദ്ധതിക്കായി 2018-19 വർഷത്തിൽ ഹഡ്കോയിൽ നിന്നും 1,27,57,271/- രൂപ ലോൺ ലഭിച്ചിട്ടുണ്ട് (ബാലൻസ് ഷീറ്റിലെ Schedule B-5 Secured Loans - Loan from KURDFC, HUDCO). ഇതിന്റെ അഡ്ജസ്റ്റ്മെന്റ് എൻട്രി ആയി Schedule B-16-ലെ Prepaid Expenses-ൽ 1,15,07,271/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട് (ഓഡിറ്റിന് സമർപ്പിച്ച പ്രൊഫോർമ പ്രകാരം മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്). എന്നാൽ ഈ വിശദാംശങ്ങൾ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ Stores-ന്റെ മൂല്യം കണക്കാക്കിയുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ബാലൻസ് ഷീറ്റ് Schedule B-12-ൽ Investments-Equity Shares എന്ന ഹെഡിൽ 2,23,152/- രൂപയുണ്ട്. എന്നാൽ ഇപ്രകാരം ഒരു ഇൻവസ്റ്റ്മെന്റ് നിലവിലില്ല. ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചപ്പോൾ ഈ തുക പഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് നൽകിയ തുകയാണ് എന്ന് കണ്ടിട്ടുണ്ട്. ചെലവ് തുക അതിന്റെ ശരിയായ ഹെഡിൽ രേഖപ്പെടുത്താത്തതാണ് ഈ അപാകതക്ക് കാരണം.

6. NREGA-ക്കായി അനുവദിച്ച 1,60,000/- രൂപ അതിനായി പ്രത്യേകമായുള്ള Total Poverty Alleviation എന്ന ഹെഡിൽ ഉൾപ്പെടുത്താതെ State Sponsored Schemes - Others എന്ന ഹെഡിൽ ഉൾപ്പെടുത്തി ബി-ഫണ്ടുകൾക്കുള്ള Schedule I-14(d)- യിൽ ആണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. NREGA-യുടെ ആകെ ചെലവ് NREGA-യുടെ കാഷ്ബുക്ക് പ്രകാരം 2,17,15,043/- രൂപ ആണ്. എന്നാൽ I&E സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 18313708/- രൂപയാണ്.

7. NREGA-Admin. വരവ്-ചെലവ് തുകകൾ രേഖപ്പെടുത്തിയതിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| (1)2017-18 ബാലൻസ് ഷീറ്റ് Schedule B4 (OB) | (2)2018-19 റസീപ്റ്റ് & പേമെന്റ് വരവ് RP-31 (2) | (3)2018-19 റസീപ്റ്റ് & പേമെന്റ് ചെലവ് RP-16 (3) | (4)യഥാർത്ഥത്തിൽ വരേണ്ട ബാലൻസ് [1+2-3] | (5) 2018-19 ബാലൻസ് ഷീറ്റ് Schedule B4 |
|---|---|---|---|---|
| 25376 | 512509 | 412336 | 125549 | 26998 |

NREGA-യുടെ കാഷ്-ബുക്ക് പ്രകാരം വരവ് 831509/- രൂപയും, ചെലവ് 829887/- രൂപയും നീക്കിയിരിപ്പ് 26998/- രൂപയുമാണ്.

8. നികുതി-നികുതിയേതര വരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ താഴെ പറയും പ്രകാരം അപാകത വന്നിട്ടുണ്ട്.

| (1) ഇനം | (2) ഡിമാന്റ് (I&E പ്രകാരം) | (3) കളക്ഷൻ (R&P പ്രകാരം) | (4) അഡ്വാൻസ് കളക്ഷൻ (2017-18 R&P പ്രകാരം) | (5) ബാലൻസ് (ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|---|---|
| തൊഴിൽ നികുതി(ജീവനക്കാർ) | 1275090 | 1237590 | ഇല്ല | ഇല്ല |
| തൊഴിൽ നികുതി(സ്ഥാപനങ്ങൾ) | 375990 | 3,53,810 | 31,180 | ഇല്ല |
| ഡി&ഒ ലൈസൻസ് | 251000 | 2,39,000 | 15,500 | ഇല്ല |

കോളം (3), (4), (5) എന്നിവയിലെ തുകകൾ കൂട്ടിയാൽ കോളം (2)-ലെ തുകകൾ ലഭിക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച തുകകൾ ഈ ക്രമം പാലിക്കുന്നില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഡിമാന്റ് പ്രകാരമുള്ള മുഴുവൻ തുകകളും പിരിച്ചെടുത്തതായും കാണുന്നു.

9. സംയുക്ത പദ്ധതികൾക്കായി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ നൽകുന്ന തുകകളുടെ വിശദാംശങ്ങൾ സംബന്ധിച്ച ACR പഞ്ചായത്ത് സൂക്ഷിക്കാത്തതിനാൽ മേൽ സൂചിപ്പിച്ച തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

10. പഞ്ചായത്തിലേക്ക് അടവാക്കുന്ന ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവയുടെ വിശദാംശങ്ങൾ അടങ്ങുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11. ആസ്തികളുടെ തേയ്മാനം കണക്കാക്കിയ വർക്ക്-ഷീറ്റ് ഹാജരാക്കിയിട്ടില്ല.

12. പാർട്ട് പേമെന്റ് നൽകിയ പ്രവൃത്തികളുടെ (ബാലൻസ് ഷീറ്റിലെ Capital Work in Progress എന്ന ഹെഡിൽ വരുന്നവ) വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

13. എൻ.പി.എസ് ഇനത്തിൽ ജീവനക്കാരുടെ 3/19 ലെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത 12115/- രൂപയും പഞ്ചായത്തിന്റെ ഷെയറായ 12115/- രൂപയും ഉൾപ്പെടെ 24230/- രൂപ 4/19 ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ ബാധ്യതക്ക് വാർഷിക കണക്കിന്റെ B9 ഷെഡ്യൂളിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

14. പഞ്ചായത്തിന്റെ താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ ബാങ്ക് പാസ് ബുക്കുകളുമായി മാസാമാസം റിക്കൺസിയലേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക്, അക്കൗണ്ട് | അക്കൗണ്ട് നം. |
|---|---|---|
| 1 | SBI തിരൂർ (മറ്റേണിറ്റി) | 10611583960 |
| 2 | SBI തിരൂർ (NOAP) | 10611583959 |
| 3 | തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്. (കുടുംബശ്രീ) | 2656 |
| 4 | തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്. (പ്ലാൻ ഇംപ്രസ്റ്റ്) | 2040 |
| 5 | തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്. (ലിറ്ററസി) | 2082 |
| 6 | SBI തിരൂർ (TSC) | 10611583483 |
| 7 | ട്രഷറി തനത് ഫണ്ട് | |

കൂടാതെ മേൽ പട്ടികയിലെ ക്രമ ന.6, 7-ലെ അക്കൗണ്ടുകളുടെ ബാങ്ക്-ബുക്ക്, പാസ്-ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

15. CFC ഗ്രാന്റ് ചെലവ് തുക എ.എഫ്.എസ് രസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 ബിൽഡിംംഗ് പെർമിറ്റ് - അപാകതകൾ

എ. പെർമിറ്റ് ലഭ്യമാക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ തൻവർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ എന്നീ ഇനങ്ങളിലെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഒട്ടേറെ നിർമ്മാണങ്ങൾ പെർമിറ്റ് നേടാതെയാണ് നടത്തുന്നത് എന്ന് കാണുന്നു. തൻ വർഷത്തെ ഈ ഇനങ്ങളിൽ എ.എഫ് .എസ് പ്രകാരമുള്ള വരവ് താഴെ ചേർക്കുന്നു.

| അപേക്ഷയുടെ തരം | അപേക്ഷകളുടെ എണ്ണം | ഓരോ ഇനങ്ങളിലേയും വരവ് |
|---|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് | 183 | 79592 രൂപ |
| റഗുലറൈസേഷൻ | 193 | 178237 രൂപ |

പെർമിറ്റ് നേടിയ നിർമ്മാണങ്ങളേക്കാൾ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്.

ബി. പെർമിറ്റ് ഫീ ഈടാക്കിയതിലെ കുറവ്

| ഉടമസ്ഥന്റെ പേര് | ഒക്യുപൻസി | വിസ്തീർണ്ണം(ച.മീ) | ഈടാക്കേണ്ട തുക(നിരക്ക്) | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| മൊയ്തീൻക്കുട്ടി & മുതൽ പേര് (A3-7261/19 Dt. 29.10.2018) | ഇൻഡസ്ട്രിയൽ | 89.04 | 445.2 (5/ച.മീ) | 268 (118130105048/24.11.18) | 177 |
| മൊയ്തുട്ടി കുന്നത്ത് (A3-75/19 Dt. 10.01.2019) | ക്വാട്ടേഴ്സ് | 113.77 | 341.31 (3/ച.മീ) | 293 (118130105966/10.01.19) | 48 |
| മൊയ്തുട്ടി വട്ടപ്പറമ്പിൽ (A3-7055/18 Dt. 17.10.18) | ക്വാട്ടേഴ്സ് | 261.46 | 784.38 (3/ച.മീ) | 681 (118130105966/10.01.19) | 103 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| റഹ്മത്തുന്നിസ്സ കൊച്ചംപ്പള്ളി (A3-7018/18 Dt. 23.10.18) | ഇൻഡസ്ട്രിയൽ | 101.72 | 508.6 (5/ച.മീ) | 306 (118130105008/21.10.18) | 203 |
| | | | | | |

കുറവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി. പെർമിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

സർക്കുലർ നമ്പർ 12900 /ആർ.എ1/2015 /ത.സ്വ.ഭ.വ തിയതി:02.12.2015 പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. അപേക്ഷ സംബന്ധമായ മുഴുവൻ വിവിരങ്ങളും രജിസ്റ്ററിന്റെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പല അപേക്ഷകളിലേയും FAR, Area തുടങ്ങിയ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

കെട്ടിടങ്ങുടെ ഉപയോഗ ക്രമം അനുസരിച്ച് ഒക്യുപെൻസി പല ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ടെങ്കിലും ആയത് പെർമിറ്റ് രജിസ്റ്ററിലെ Nature of (Occupancy) construction or change of use or improvement എന്ന കോളത്തിൽ രേഖപ്പെടുത്തുന്നില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 04/16.11.2020 ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ അപാകത തുടർ വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

## 1-13 കെട്ടിട വാടക -അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥസ്ഥതയിൽ ഉള്ള വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാകുവാനുള്ള നടപടി ക്രമം ) ചട്ടങ്ങൾ എന്നിവ പ്രകാരം ബൈലോ രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ കാലപ്പഴക്കം മൂലം ആയത് ഓഡിറ്റ് വേളയിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2018-19 സാമ്പത്തിക വർഷത്തിൽ വാടകക്ക് മേൽ ഈടാക്കിയ പിഴ പലിശ വ്യത്യസ്ത നിരക്കിൽ ഈടാക്കിയതായി കാണുന്നുണ്ട് . എന്നാൽ പഞ്ചായത്തിന് ഇതു മൂലം സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ. 03/16.11.2020)ക്ക് മറുപടി നൽകിയിട്ടുണ്ട്.
വാടക ഈടാക്കുന്നതും , വാടകയിലെ വാർഷിക വർദ്ധനവ് വരുത്തുന്നതും , പിഴ പലിശ ഈടാക്കുന്നതും ബൈലോ പ്രകാരം ആയിരിക്കേണ്ടതാണ്.

## 1-14 റോഡ് കട്ടിംഗ് ചാർജ് - വിശദ വിവരങ്ങൾ ലഭ്യമല്ല

2018-19 വർഷത്തെ വാർഷിക കണക്ക് പ്രകാരം തൻ വർഷത്തിൽ Road cutting charge ഇനത്തിൽ 7,95,760 രൂപ വരവ് ഉണ്ട്(RP – 4). ടി തുകയിൽ 7,62,773 രൂപ പൂഴിക്കുന്ന് മുതൽ Jeo യുടെ ടവർ വരെ Optical Fibre Cable സ്ഥാപിക്കുന്നതിന് വേണ്ടി 300 മീറ്റർ നീളത്തിൽ റോഡ് കട്ട് ചെയ്യുന്നതിനായി Jeo Infocom അടവാക്കിയ തുകയാണ്( സാംഖ്യ രശീതി നമ്പർ/തീ: 450220101 /20-10-18, ചെക്ക് നമ്പർ/തീ: 426327/21-9-18). റോഡ് കട്ടിംഗിനുള്ള അനുമതിക്കായുള്ള പ്രസ്തുത കമ്പനിയുടെ 11-7-18ലെ അപേക്ഷയിൽ മേൽ 31-7-18ലെ ഭരണ സമിതി തീരുമാനത്തിന്റെ (നമ്പർ: 7-1) അടിസ്ഥാനത്തിൽ LSGD Asst. Engineer നൽകിയ റിപ്പോർട്ട് പ്രകാരമുള്ള തുക, 9,00,073 രൂപ മേൽ ഇനത്തിലുള്ള ഫീസ് ആയി ഗ്രാമ പഞ്ചായത്തിൽ അടവാക്കാൻ പ്രസ്തുത സ്ഥാപനത്തോട് നിർദ്ദേശിക്കാൻ 5-9-18 ൽ ചേർന്ന ഭരണ സമിതി യോഗത്തിൽ തീരുമാനം എടുത്തിരുന്നു. എന്നാൽ ലെഡ്ജർ പ്രകാരം അടവ് വന്നതായി കാണുന്നത് 7,62,773 രൂപയാണ്. ഇപ്രകാരം AEയുടെ റിപ്പോർട്ടിലെ തുകയും അടവാക്കിയ തുകയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കേണ്ടതാണ്. [ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം./തീ.25/19-11-20)മറുപടി ലഭ്യമാക്കിയിട്ടില്ല].

## 1-15 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം. 131/2018-19 -പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ടിനം- മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

അടങ്കൽ- 600000 രൂപ
ചെലവ്- 599966

ബിൽ നം.02/16.08.2018

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), നടപ്പാക്കിയ പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിൽ ബിൽ ബുക്ക് പ്രകാരം 599966 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 599966 രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ-2/16.11.2020). ആദ്യ മറുപടിക്കൊപ്പം ചെലവ് രേഖകൾ ഹാജരാക്കതാത്ത പക്ഷം ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-16 മരാമത്ത് പ്രവൃത്തികളിൽ സെന്ററിങ്ങിന് തെറ്റായ സ്പെസിഫിക്കേഷൻ അനുവദിച്ചു -അധിക ചെലവ് 101188 രൂപ തിരിച്ചടച്ചു.

<u>നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ</u>

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ സെന്ററിങ്ങിന് തെറ്റായ സ്പെസിഫിക്കേഷൻ അനുവദിച്ചത് വഴി അധിക ചെലവുണ്ടായി. പ്രവൃത്തികളിൽ ഡ്രൈനേജിന്റെ പാർശ്വ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്കിന് DSRസ്പെസിഫിക്കേഷൻ കോഡ് 4.3.2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്ലിന്ത് ലെവലിന് താഴെയുള്ള കോൺക്രീറ്റ് ഫോം വർക്ക് ആയതിനാലും, ഫോം വർക്കിന്റെ ഉയരം 1 മീറ്ററില് താഴെ ആയതിനാലും DSRസ്പെസിഫിക്കേഷൻ കോഡ് 4.3.1 പ്രകാരമുള്ള നിരക്കാണ് ഇത്തരം പ്രവൃത്തിക്ക് അനുവദിക്കാറുള്ളത്. ഇപ്രകാരം അധിക നിരക്കിലുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചത് മൂലമാണ് താഴെ പറയും പ്രകാരം 101188 രൂപ ഈ പ്രവൃത്തിയിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

<u>1.ആലിങ്ങൽ ആനപ്പടി റോഡ് കോൺക്രീറ്റിംഗ് & ഡ്രൈനേജ്</u>

പ്രൊജക്റ്റ് നം : 184/19

അടങ്കൽ : 901809 , മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് :778942

ബിൽ നമ്പർ :70/26.3.19

എംബുക്ക് നം: 85/17-18

കരാർ നം : 72/AE/TPGD/17-18 തീയ്യതി.16.1.18 (Revised No.1/3(1) Dtd.19.12.18)

കരാർ തുക - 780065

(Tender below-13.5% (Percentage rate)

TS N0 : 56156/2017-18 , 10,00,000.00, EST NO.2017/50078 (DSOR 2016, COl.40.2%)

കരാറുകാരൻ : കെ .ഉണ്ണികൃഷ്ണൻ

a) ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ (Revised) അഞ്ചാമത്തെ ഇനം ഡ്രൈനേജിന്റെ പാർശ്വ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ചെയ്യലാണ്. എസ്റ്റിമേറ്റിലെ ഇനം ഒന്ന് പ്രവൃത്തി പ്രകാരം നിലവിലുള്ള കനാലിന്റെ മൺഭിത്തി 0.60-0.85 മീറ്റർ താഴ്ചയിലും, ഡ്രൈനേജിന്റെ ബെഡ് 1.10 മീറ്ററിലും എർത്ത് വർക്ക് ചെയ്ത്, ഇനം 2 പ്രകാരം 0.10 മീറ്റർ കനത്തിൽ ബോട്ടം കോൺക്രീറ്റ് ചെയ്ത ശേഷമാണ് ഇനം 5 പ്രകാരം 0.50-0.75 മീറ്റർ ഉയരത്തിൽ ഡ്രൈനേജിന്റെ സൈഡ്‌വാളുകൾക്ക് ഫോംവർക്ക് ചെയ്തിട്ടുള്ളത്. ഇതിന് DSRസ്പെസിഫിക്കേഷൻ

കോഡ് 4.3.2 നിരക്കാണ് (@530.80എം2 ) അനുവദിച്ചിട്ടുള്ളത്. DSRസ്പെസിഫിക്കേഷൻ കോഡ് 4.3.1 പ്രകാരമുള്ള നിരക്കാണ്, 271.92/എം2, ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത്. ഇപ്രകാരം അധിക നിരക്കിലുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചത് മൂലവും മറ്റ് അപാകത മൂലവും താഴെ പറയും പ്രകാരം 52743 രൂപ ഈ പ്രവൃത്തിയിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നൽകിയ തുക | 224.24എം2x530.80/എം2=119026.59 രൂപ |
| നൽകാവുന്ന തുക | 224.24എം2x271.92/എം2=60975.34 രൂപ |
| അധികം | 50214 (58051-13.5% Tender below) |

ഈ പ്രവൃത്തിയിൽ_ഡ്രൈനേജ് ചെയ്ത ഭാഗത്ത് തന്നെ 186.6 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് (സൈഡ് വൈഡനിംഗ്) ചെയ്തിട്ടുണ്ട് . ഇതിന് DSR 16.42 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുണ്ട്. (0.55 മീറ്റർ മുതൽ 1.10 മീറ്റർ വരെ വീതിയിൽ പല അളവുകളിലായിട്ടാണ് ചെയ്തിട്ടുള്ളത്.) റോഡിന്റെ ഒരു വശത്ത് ഡ്രൈനേജ് ചെയ്തിട്ടുള്ളതിനാലും മറുവശത്ത് വീതി പല അളവുകളിലായതിനാലും കോൺക്രീറ്റിംഗിന് സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൻ ഷട്ടറിംഗ് നിരക്ക് കുറച്ചാണ് തുക അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന നിരക്ക് 7532.43/m3 (Observed Data. OD No.181211/17-18).

നൽകിയ തുക – 11.925m3x7716.33/m3=92017.23

നൽകാവുന്ന തുക-11.925m3x7532.43/m3=89824.22

അധികം = 1896(2193-13.5%)

പ്രവൃത്തിയിലെ ആകെ അധിക ചെലവ് 52110 (50214 +1896) രൂപ.

2).<u>പൂഴിക്കുന്ന് ഹനുമാൻ കാവ് ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ് & ഡ്രൈനേജ്</u>

പ്രൊജക്ട് നം : 68/19

അടങ്കൽ : 2,00,000.00 , സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC)

ചെലവ് :171333

ബിൽ നമ്പർ :47/15.3.19 (171333)

എംബുക്ക് നം: 158/18-19

കരാർ നം : 2/AE/TPGD/18-19 തീയ്യതി.10.10.18 (Revised No.1/3 dtd. 19.12.18)

Tender below-12% (Percentage rate)

TS N0 : 68999/2018-19 , 2,00,000.00, EST NO.2018/102981 (DSOR 2016, COl.37.25%)

കരാറുകാരൻ : പി.ഗോപി

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ (Revised) എക്സ്ട്രാ ഇനം 4 പ്രകാരം ഡ്രൈനേജിന്റെ പാർശ്വ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ചെയ്യലാണ്. എസ്റ്റിമേറ്റിലെ ഇനം 4 പ്രവൃത്തി പ്രകാരം നിലവിലുള്ള കനാലിന്റെ മൺഭിത്തി 0.90 മീറ്റർ താഴ്ചയിലും, ഡ്രൈനേജിന്റെ ബെഡ് 0.20 മീറ്ററിലും എർത്ത് വർക്ക് ചെയ്ത്, ഇനം 2 പ്രകാരം 0.10 മീറ്റർ കനത്തിൽ ബോട്ടം കോൺക്രീറ്റ് ചെയ്ത ശേഷമാണ് എക്സ്ട്രാ ഇനം 4 പ്രകാരം 0.60 മീറ്റർ ഉയരത്തിൽ, പരമാവധി, ഡ്രൈനേജിന്റെ സൈഡ്‌വാളുകൾക്ക് ഫോംവർക്ക് ചെയ്തിട്ടുള്ളത്. ഇതിന് മുകളിൽ 15 cm കനത്തിൽ സ്ലാബ് ഇടുന്നുണ്ട്. ഇതിന് DSRസ്പെസിഫിക്കേഷൻ കോഡ് 4.3.2 നിരക്കാണ് ( @485.74/എം2 ) അനുവദിച്ചിട്ടുള്ളത്. DSRസ്പെസിഫിക്കേഷൻ കോഡ് 4.3.1 പ്രകാരമുള്ള നിരക്കാണ്, 266.20/എം2, ഈ പ്രവൃത്തിക്ക്

അനുവദിക്കാവുന്നത്. ഇപ്രകാരം അധിക നിരക്കിലുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചത് മൂലം താഴെ പറയും പ്രകാരം 19277 രൂപ പ്രവൃത്തിയിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നൽകിയ തുക | 99.78എം2x485.74/എം2=48467.14 രൂപ |
| നൽകാവുന്ന തുക | 99.78എം2x266.20/എം2=26561.43 രൂപ |
| അധികം | 19277 (21906-12% Tender below) |

പ്രവൃത്തിയിലുണ്ടായ അധിക ചെലവ് 19277 രൂപ.

3) <u>കൈനിക്കര കുട്ടിച്ചാത്തൻപടി ഡ്രൈനേജ് & റീടാറിംഗ്</u>

പ്രൊജക്റ്റ് നം : 163/19

അടങ്കൽ : 10,00,000.00 , മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

ചെലവ് :660275

ബിൽ നമ്പർ :11/25.9.18 (592299)

35 /27.7.19 (67976)

എംബുക്ക് നം: 75/17-18

കരാർ നം : 74/AE/TPGD/17-18 തീയ്യതി.20.1.18

TS N0 : 55439/2017-18 , 10,00,000.00, EST NO.2017/51025 (DSOR 2016, COI 40.2%)

കരാറുകാരൻ : പി.നിസ്സാർ

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഇനം 4 പ്രകാരം ഡ്രൈനേജിന്റെ പാർശ്വ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ചെയ്യലാണ്. എസ്റ്റിമേറ്റിലെ ഇനം 1 പ്രവൃത്തി പ്രകാരം നിലവിലുള്ള കനാലിന്റെ മൺഭിത്തി 0.60 മീറ്റർ താഴ്ചയിലും, ഡ്രൈനേജിന്റെ ബെഡ് 0.95 മീറ്ററിലും എർത്ത് വർക്ക് ചെയ്ത്, ഇനം 2 പ്രകാരം 0.10 മീറ്റർ കനത്തിൽ ബോട്ടം കോൺക്രീറ്റ് ചെയ്ത ശേഷമാണ് ഇനം 4 പ്രകാരം 0.50 മീറ്റർ ഉയരത്തിൽ ഡ്രൈനേജിന്റെ സൈഡ്വാളുകൾക്ക് ഫോംവർക്ക് ചെയ്തിട്ടുള്ളത്. ഇതിന് DSRസ്പെസിഫിക്കേഷൻ കോഡ് 4.3.2 നിരക്കാണ് ( @530.80/എം2 ) അനുവദിച്ചിട്ടുള്ളത്. DSRസ്പെസിഫിക്കേഷൻ കോഡ് 4.3.1 പ്രകാരമുള്ള നിരക്കാണ്, 271.92/എം2, ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത്. ഇപ്രകാരം അധിക നിരക്കിലുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചത് മൂലം താഴെ പറയും പ്രകാരം 29801 രൂപ പ്രവൃത്തിയിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നൽകിയ തുക | 123.938എം2x493/എം2=61101.43 രൂപ<br>(ഐറ്റം റേറ്റ് കോൺട്രാക്റ്റ് ആയി ഈയിനത്തിന് 7.122% ടെണ്ടർ കുറവിലാണ് നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്) (530.80/m2-7.122% = 493/m2) |
| നൽകാവുന്ന തുക | 123.938എം2x252.55/എം2=31300.54 രൂപ<br>(271.92/m2-7.122% = 252.55/m2) |
| അധികം | 29801 |

പ്രവൃത്തികളിലുണ്ടായ അധിക ചെലവിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (Audit Enquiry No.14 / 18.11.20,Audit Enquiry No.6 / 17.11.20, Audit Enquiry No.7 / 17.11.20) അടിസ്ഥാനത്തിൽ നഷ്ട തുക 101188 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചടച്ചു. (രസീതി നമ്പർ 120130103446/17.11.20 (19277

രൂപ), (രസീതി നമ്പർ 120130103509/18.11.20 (29801 രൂപ) (രസീതി നമ്പർ 120130103507/18.11.20 (52110 രൂപ). പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയ 101188 രൂപ സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# 1-17 സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയ 20380 രൂപ തിരിച്ചടച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ 16.11.20 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയാണെന്ന് ബോധ്യപ്പെട്ടു. DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

(16.11.20 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തികൾ സ്ഥലപരിശോധന നടത്തിയതിന്റെ പരിശോധന റിപ്പോർട്ട് തെളിവ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

| ക്രമ നമ്പർ | പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | അനുവദിക്കാവുന്ന തുക (Observed Data) | കരാറുകാരന് അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1 | മലബാർ പെന്തക്കോസ്റ്റ് റോഡ് കോൺക്രീറ്റിംഗ് (തനത് ഫണ്ട്&സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)<br>(128/19)<br>എം. ബുക്ക് - 116/17-18<br>മൂല്യനിർണ്ണയം - 157720<br>കരാർ - 5/AE/TPGD/11.10.18(Estimate rate)<br>ബിൽ നം-28/21.12.18-57720<br>ചെക്ക് നം - 21800679/5.1.19-1,00,000<br>കരാറുകാരൻ - കെ.ഉണ്ണികൃഷ്ണൻ<br>Cost Index-37.25% (2016 DSR)<br>സാങ്കേതികാനുമതി തുക-157720<br>TS No-45620/2018-19<br>Estimate No.-2018/85891 | 19.462 m3 x7553.97/m3 = 147015.36 | 19.462 m3 x7373.94/m3 = 143511.62<br>(OD-65806/18-19)<br>(Esti. No.-2018/58903) | 3504 |
| 2 | പണിക്കർപ്പടി കനാൽ ഫൂട്ട്പാത്ത് റോഡ് കോൺക്രീറ്റിംഗ് (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 38.545m3 x7553.97/m3 = 291167.77 | 38.545m3 x7373.94/m3 = 284228.51 | 6939 |

| | | | | |
|---|---|---|---|---|
| | (95/19)<br>എം. ബുക്ക് - 118/17-18<br>മൂല്യനിർണ്ണയം - 314000<br>6/AE/TPGD/11.10.18(Estimate rate)<br>ബിൽ നം - 31/11.1.19<br>കരാറുകാരൻ - കെ.ഉണ്ണികൃഷ്ണൻ<br>Cost Index-37.25% (2016 DSR)<br>സാങ്കേതികാനുമതി തുക-314000<br>TS No-36481/2018-19<br>Estimate No.-2018/78943 | | (OD-65806/18-19)<br>(Esti. No.-2018/58903) | |
| 3 | ഒട്ടുംപുറം വെള്ളോട്ടുപാടം ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ് (ഡെവലപ്മെന്റ് ഫണ്ട് -ജനറൽ)<br>(175/19)<br>എം. ബുക്ക് - 97/17-18<br>മൂല്യനിർണ്ണയം - 299390<br>കരാർ നം.-7/AE/TPGD/11.10.18(Estimate rate)<br>ബിൽ നം - 22/23.11.18<br>കരാറുകാരൻ - എം.കിഷോർ കുമാർ<br>Cost Index-40.2% (2016 DSR)<br>സാങ്കേതികാനുമതി തുക-3,00,000<br>TS No-21321/2017-18<br>Estimate No.-2017/50180 | 20.29m3 x7716.33/m3 = 156564.33 | 20.29m3 x7532.43/m3 = 152833<br>(OD-181211/17-18)<br>(Esti. No.-2017/40750) | 3731 |
| 4 | മുഹമ്മദലി ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ് (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)<br>(41/19)<br>എം. ബുക്ക് - 186/19-20<br>മൂല്യനിർണ്ണയം - 138133<br>കരാർ നം.-3/AE/TPGD/11.10.18(Estimate rate)<br>ബിൽ നം - 34/23.1.19<br>കരാറുകാരൻ - കെ.ഉണ്ണികൃഷ്ണൻ<br>Cost Index-37.25% (2016 DSR) | 16.355m3 x7553.97/m3 = 123545.17 | 16.355 m3 x7373.94/m3 = 120600.78<br>(OD-65806/18-19)<br>(Esti. No.-2018/58903) | 2944 |

| | | | | |
|---|---|---|---|---|
| | സാങ്കേതികാനുമതി തുക-1,40,000<br>TS No-6170/2018-19<br>Estimate No.-2018/35072 | | | |
| 5 | വൻകര ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ് (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)<br>(50/19)<br>എം. ബുക്ക് - 187/19-20<br>മൂല്യനിർണ്ണയം - 174830<br>കരാർ നം.-21/AE/TPGD/29.10.18(Estimate rate)<br>ബിൽ നം - 34/23.1.19<br>കരാറുകാരൻ - എം.കെ.ഷംസുദീൻ<br>Cost Index-37.25% (2016 DSR)<br>സാങ്കേതികാനുമതി തുക-1,80,000<br>TS No-10647/2018-19<br>Estimate No.-2018/53871 | 18.223m3 x7552.97/m3 = 137637.77<br>അളവ് പുസ്തകപ്രകാരം അനുവദിച്ച തുക<br>(20.70m3 x7552.97/m3 = 156346.47)<br>ഇതിൽ 2.477 m3 സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്.(13 മീറ്റർ നീളം) ബാക്കി 18.223m3)<br>(20.70m3-2.477=18.223m3) | 18.223m3 x7373.94/m3 = 134375.30<br>(OD-65806/18-19)<br>(Esti. No.-2018/58903) | 3262 |
| | ആകെ | | | 20380 |

അധികം നൽകിയതിന് 20380 രൂപ.

പ്രവൃത്തികളിലുണ്ടായ അധിക ചെലവിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (Audit Enquiry No.5 / 17.11.20) അടിസ്ഥാനത്തിൽ നഷ്ട തുക 20380 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചടച്ചു. (രസീതി നമ്പർ 120130103508/18.11.20). പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയ 20380 രൂപ സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# 1-18 മരാമത്ത് പ്രവൃത്തികളിൽ മണ്ണിന് ഷ്രിങ്കേജ് കുറവ് ചെയ്തില്ല - അധിക ചെലവ് 3010 രൂപ തിരിച്ചടച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ മണ്ണിന് ഷ്രിങ്കേജ് കുറവ് ചെയ്യാത്തതിനാൽ കരാറുകാർക്ക് അധിക തുക നൽകാനിടയായി.

| ക്രമ നം | പ്രവൃത്തി | ഇനം നം. (കോഡ്) | മണ്ണിന് ഷ്രിങ്കേജ് കുറവ് ചെയ്യാതെ അനുവദിച്ച തുക | മണ്ണിന് ഷ്രിങ്കേജ് (10%) കുറവ് ചെയ്ത് അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്റ്റ് നം - 57/19<br>മലയമ്പാടി കുളം കൈപ്പാടം | 1<br>(50.2.26.1) | 62.792 m3x273.47/m3=17171.73 | 56.51 m3x273.47/m3=15453.78 | 1718 |

| | | | | | |
|---|---|---|---|---|---|
| | ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ്<br><br>കരാറുകാരൻ - T. ബാലൻ<br><br>കരാർ നം-27/TPGD/18-19 തി.1.11.18(Estimate rate)<br><br>ബിൽ നം-45/15.3.19<br><br>മൂല്യനിർണ്ണയ തുക -412631<br><br>അളവ് പുസ്തകം- 4/18-19<br><br>ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br><br>സാങ്കേതികാനുമതി തുക-415000<br><br>COI-37.25% (2016 DSR) | | | | |
| 2 | പ്രൊജക്റ്റ് നം - 61/19<br><br>കുട്ടമാക്കൽ യാരപ്പാടം പൊറ്റോടി റോഡ് ടാറിംഗ് & സൈഡ് കെട്ടി സംരക്ഷണം<br><br>കരാറുകാരൻ - പി.മോഹൻദാസ്<br><br>കരാർ നം-41/TPGD/18-19 തി.28.11.18(Estimate rate)<br><br>ബിൽ നം-44/15.3.19<br><br>മൂല്യനിർണ്ണയ തുക -271937<br><br>അളവ് പുസ്തകം- 2/18-19 | 5<br><br>(50.2.26.1) | 47.248 m3x273.47/m3=12920.91 | 42.523 m3x273.47/m3=11628.76 | 1292 |

| | | | | | |
|---|---|---|---|---|---|
| | ഫണ്ട്-<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>സാങ്കേതികാനുമതി തുക-3,00,000<br>COI-37.25% (2016 DSR) | | | | |
| | ആകെ | | | | 3010 |

പ്രവൃത്തികളിലുണ്ടായ അധിക ചെലവിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (Audit Enquiry No.8 / 17.11.20) അടിസ്ഥാനത്തിൽ നഷ്ട തുക 3010 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചടച്ചു. (രസീതി നമ്പർ 120130103503/18.11.20). പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയ 3010 രൂപ സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 200706 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കാവുന്നതാണ്. തനത് വരുമാനം കുറഞ്ഞ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് മേൽ ഇനത്തിൽ തുക ഈടാക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.9 / 17.11.20) മറുപടിയായി അറിവില്ലായ്മ മൂലം സംഭവിച്ച അപാകതയാണെന്ന് അറിയിച്ചു. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കുന്നതാണെന്ന് അറിയിച്ചു.

## 1-20 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2018-19 വർഷത്തിൽ 452ലക്ഷംരൂപ അടങ്കലിൽ മരാമത്ത് പ്രവൃത്തികൾക്കായി പ്രോജക്ടുകൾ തയ്യാറാക്കിയതിൽ 200 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തൻ വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 127 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 70 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 45 ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 127 | ആകെ അടങ്കൽ | 45234525 |
| നടപ്പിലാക്കിയത് | 70 | ചെലവ് | 20070626 |
| ശതമാനം | 55 | ചെലവ് ശതമാനം | 44.37 |

`    ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 47 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 23 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

1. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്.

3. ടെണ്ടർ നടപടികൾ സുതാര്യമല്ല.

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം പ്രവൃത്തികളിലും രണ്ടു കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

4. അനാവശ്യമായ പൂർത്തീകരണ കാലയളവ് നൽകുന്നു.

മരാമത്ത് പ്രവൃത്തികളുടെ വലിപ്പത്തിനനുസരിച്ചല്ല പൂർത്തീകരണ കാലയളവ് നൽകുന്നത്. 1 ലക്ഷം രൂപയുടെ പ്രവൃത്തിക്കും 10 ലക്ഷം രൂപയുടെ പ്രവൃത്തിക്കും ഒരേ പൂർത്തീകരണ കാലയളവാണ് നൽകുന്നത്. മിക്ക പ്രവൃത്തികൾക്കും 6 മാസം പ്രവൃത്തി പൂർത്തീകരിക്കാൻ നൽകി കാണുന്നു.

5. സൈറ്റിൽ നിന്നും ലഭ്യമാകുന്ന മണ്ണ് പ്രവൃത്തിയിൽ ഉപയോഗിക്കുന്നില്ല

മിക്ക പ്രവൃത്തികളിലും ഫില്ലിംഗിന് ഉപയോഗിക്കുന്ന മണ്ണ് പണം കൊടുത്തു വാങ്ങുകയാണ് ചെയ്യുന്നത്. അതേ സമയം പ്രവൃത്തികളിൽ നിന്നും കുഴിച്ചെടുക്കുന്ന മണ്ണ് (Cut earth) പ്രവൃത്തിയുടെ ഭാഗമായ ഫില്ലിംഗിന് ഉപയോഗിക്കാതെ സൈറ്റിൽ വിരിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്.

6. ഡ്രൈനേജുകൾക്ക് അനാവശ്യ കനം നൽകുന്നു.

ഡ്രൈനേജുകൾക്ക് ഉൾവശം 15 cm കനം കൊടുത്താണ് കോൺക്രീറ്റ് (Bed concrete)ചെയ്യുന്നത്. ഭാരമേറിയ വാഹനങ്ങൾ പോകുന്ന ഒരു കോൺക്രീറ്റ് റോഡിന് അനുവദിക്കുന്ന പരമാവധി കനം 15 cm ആണെന്നിരിക്കെ വെള്ളം മാത്രം ഒഴുകി പോകുന്ന ഡ്രൈനേജിൽ ഇത്തരത്തിൽ കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യകത ഇല്ല. 10 cm-12.5 cm കനം കൊടുത്ത് ഡ്രൈനേജിന് ഉൾവശം കോൺക്രീറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തിയിൽ കാണുന്ന മേൽ പരാമർശിച്ച പൊതു അപാകതകൾ പരിഹരിക്കാൻ/ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ (Balance Sheet – Schedule B-7) 31-03-19 തീയതിയിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ നിക്ഷേപമായി അവശേഷിക്കുന്നതായി കണ്ടു.

| ഇനം | തുക |
|---|---|
| Contractors EMD | 1,01,899 |
| Suppliers EMD | 23,374 |
| Bidders EMD | 17,510 |
| Suppliers Security Deposit | 12,819 |
| Contractors Security Deposit | 34,895 |
| Water Deposit | 16,000 |
| Other Deposits | 17,090 |
| | 2,23,587 രൂപ |

ബന്ധപ്പെട്ട രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങളോ വാർഷിക സംക്ഷിപ്തമോ രേഖപ്പെടുത്തിയിട്ടില്ല . ഈ തുകകൾ ഏത് വർഷം മുതലുള്ളതാണെന്നും വ്യക്തമല്ല.

Kerala Finance Code , Vol.I, Article 282 പ്രകാരം തിരികെ നൽകേണ്ട കാലാവധി മുതൽ 3 വർഷത്തിൽ അധികമായതും തിരികെ ആവശ്യപ്പെട്ടിട്ടില്ലാത്തതുമായ നിക്ഷേപങ്ങൾ കാലഹരണപ്പെടും.ആയതിനാൽ മേൽ തുകയിൽ കാലഹരണപ്പെട്ട തുകകൾ കണ്ടെത്തി അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-22 മുൻകൂർ തുകകൾ - വിശദവിവരങ്ങൾ ലഭ്യമല്ല

വാർഷിക കണക്കുകൾ പ്രകാരം (Balance Sheet, Schedule B-18) മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-03-19ന് ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Temporary advance for official purposes | 7,07,075 |
| 2 | Advance payment of royalty | 23,399 |
| 3 | Advance payment of RMF | 50,467 |
| 4 | Advance to other authorised agencies | 37,882 |
| 5 | Advance to Implementing Officers | 20,57,266 |
| | | |

| | | |
|---|---|---|
| 6 | Advance to others | 3,27,754 |

പരിശോധനക്ക് ലഭ്യമാക്കിയ മുൻകൂർ രജിസ്റ്ററിൽ ജീവനക്കാരുടെ ഓണം മുൻകൂർ ഇനത്തിലുള്ള തുകകൾ മാത്രമേ രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ. ക്രമ നമ്പർ 2,3 എന്നിവ മണൽ വരവുമായി ബന്ധപ്പെട്ട തുകകളാണ്. നിലവിൽ പഞ്ചായത്തിന് മേൽ ഇനത്തിൽ വർഷങ്ങളായി വരവ് ഇല്ലാത്ത സാഹചര്യത്തിൽ ടി തുകകൾ AFSൽ pending ആയി തുടരുന്നതിന്റെ കാരണം വ്യക്തമല്ല. ആയതിനാൽ മേൽ പട്ടിക പ്രകാരമുള്ള മുൻകൂർ തുകകൾ യഥാർത്ഥത്തിൽ 31-03-19ൽ മുൻകൂറായി അവശേഷിക്കുന്നവ തന്നെയാണോ എന്ന് പരിശോധിക്കേണ്ടതും ക്രമ നമ്പർ 2,3 എന്നിവയിലെ തുകകൾ തിരികെ ലഭിക്കാനുള്ളവയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മറിച്ച് ക്രമീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - പെൻഷൻ അംശദാനം അടവാക്കേണ്ടതാണ്

GO(P)No.07/16/Fin, തീ: 20-01-16 ന്റെ അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശികയുടെ 3,4 ഗഡുക്കൾ 2018-19 വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21800161/6-6-18 | 40,535 |
| 21800175/11-6-18 | 34,325 |
| 21800176/11-6-18 | 1,04,707 |
| 21800255/24-7-18 | 39,803 |
| 21800221/29-6-18 | 24,313 |
| 21800438/8-10-18 | 1,57,574 |
| 21800472/15-10-18 | 39,104 |

എന്നാൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പള വർദ്ധനക്ക് ആനുപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല. ആനുപാതികമായ നിരക്കിൽ പെൻഷൻ അംശദാനം അടവാക്കേണ്ടതാണ്.

## 1-24 അംഗൻവാടി കെട്ടിട നിർമ്മാണം - പൂർത്തീകരണവിവരം ലഭ്യമല്ല

"അംഗൻവാടി കെട്ടിട നിർമ്മാണം - പഞ്ചായത്ത് വിഹിതം" എന്ന് പ്രൊജക്റ്റ് പ്രകാരം (Pr. No. 223/19) 2018-19 വർഷത്തിൽ 5,80,000രൂപ തനത് ഫണ്ടിൽ നിന്നും PWDയിലേക്ക് അടവാക്കിയിട്ടുണ്ട്(Vr.No/Date: 21800800/28-2-19, Cheque No/date: 2535672/13-2-19 നിർവ്വഹണം. സെക്രട്ടറി). 73-ം നമ്പർ അംഗൻവാടിക്ക് 14.5ലക്ഷം രൂപ വകയിരുത്തി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ 40% തുകയാണ് മേൽ പരാമർശിച്ച പ്രകാരം പഞ്ചായത്ത് വിഹിതമായി PWDയിൽ നിക്ഷേപമായി നൽകിയിട്ടുള്ളത്. ടി കെട്ടിടത്തിന്റെ പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവുതുക, 5,80,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

PC 79/10,79/11, 79/12 എന്നീ വൈദ്യുതി പോസ്റ്റുകളും അനുബന്ധ ലൈനുകളും മാറ്റ് സ്ഥാപിക്കാനായി 2018-19 വർഷത്തിൽ 33,064 രൂപ തനത് ഫണ്ടിൽ നിന്നും KSEB യിൽ അടവാക്കിയിട്ടുണ്ട്(Vr. No. 21800637, തീ: 1-1-19, ചെക്ക് നമ്പർ/തീ: 24643/27-12-18നിർവ്വഹണം. സെക്രട്ടറി). ടി പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവ്തുക , 33,064 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 തെരുവ് വിളക്ക് സ്ഥാപിക്കൽ - സൂപ്പർവിഷൻ വിഷൻ ചാർജ് നൽകൽ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ' തെരുവ് വിളക്ക് സ്ഥാപിക്കൽ" എന്ന പ്രൊജക്റ്റ് പ്രകാരം (Pr. No.222/19) പൂഴിക്കുന്ന് മുതൽ ചമുവട്ടം വരെയുള്ള PWD റോഡിലെ പ്രവർത്തനം നിലച്ച തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 1,92,045 രൂപ KREWSന് നൽകിയിട്ടുണ്ട്(Invoice No/Date: KREWS/104/18-19,10-1-19, Bill No/Date: 26/26-2-19). ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് KSEBക്ക് സൂപ്പർവിഷൻ ചാർജ് നൽകിയതിന്റെ വിശദ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 ശുചിത്വ മിഷൻ ഫണ്ട് - ചെലവു വിവരങ്ങൾ പൂർണ്ണമായി ലഭ്യമായില്ല

2018-19 വർഷത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും 10,000 രൂപ വീതം 21 വാർഡുകൾക്ക് 2,10,000 രൂപ(ശുചിത്വ മിഷൻ ഫണ്ട്) 21-6-18 തീയതിയിലെ 21800203ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച് (ചെക്ക് നമ്പർ/തീയതി: 23361/20-6-18) മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ആയതിൽ 16 വാർഡുകളിലെ ചെലവു വിവരങ്ങൾ PHCയിൽ നിന്നും ലഭ്യമാക്കുകയുണ്ടായി. അവശേഷിക്കുന്ന 4 വാർഡുകളിലെ(3,7,18,20,21 ) ചെലവു വിവരങ്ങൾ കൂടി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 5 വാർഡുകൾക്ക് നൽകിയ ചെലവുതുക, 50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 ലൈബ്രറി സെസ്സ് - തുക സമയബന്ധിതമായി അടവാക്കുന്നില്ല

2016-17 2-ാം അർദ്ധ വർഷം മുതൽ 2018-19 ഒന്നാം അർദ്ധ വർഷം വരെയുള്ള കാലയളവിലെ ലൈബ്രറി സെസ്സ് ഇനത്തിൽ 5,74,253 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 13-11-18 ന് ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടുണ്ട്(Vr. No/Date: 21800557/23-11-18, Cheque No/Date:24100/23-11-18, DD No/Date: 621648, 649/13-11-18).

20-9-15 ലെ 10088/L3/05/LSGD നമ്പർ സർക്കുലർ പ്രകാരം ഒരോ വർഷവും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകകൾ ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാം ഗഡു നവംബർ 30നകവും ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമാണ് മേൽ തുക അടവാക്കേണ്ടിയിരുന്നത്.

| അർദ്ധ വർഷം | തീയതി |
|---|---|
| 2016-17 I half | നവംബർ 2016 |
| 2016-17 II half | ഏപ്രിൽ2017 |
| 2017-18 I half | നവംബർ 2017 |
| 2017-18 II half | ഏപ്രിൽ2018 |

മേൽ പരാമർശിച്ച പ്രകാരം സമയ ബന്ധിതമായി അടവാക്കുന്നതിൽ കാലതാമസം വരാനിടയായത് വിശദീകരിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം/തീ.21/19-11-20 ) ടി തീയതിയിൽ ലഭ്യമാക്കിയ മറുപടിയിൽ മേൽ കാലയളവിലെ ലൈബ്രറി സെസ് തുക കുടിശ്ശികയായി കിടന്നിരുന്നത് ശ്രദ്ധയിൽ പെട്ടിരുന്നില്ല എന്നും ആയതുമായി ബന്ധപ്പെട്ട് ലൈബ്രറി കൗൺസിലിൽ നിന്നും നിർദ്ദേശങ്ങളും ലഭ്യമായിരുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ലൈബ്രറി കൗൺസിൽ നിന്ന് നിർദ്ദേശം വന്നാലും ഇല്ലെങ്കിലും സെസ് തുക സമയബന്ധിതമായി അടവാക്കേണ്ടതാണ്. കൂടാതെ, ഈയിനത്തിൽ പിഴപ്പലിശ അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് സെക്രട്ടറിയുടെ ബാധ്യതയായിരിക്കും എന്നും 20-09-2015ലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ തുടർ വർഷങ്ങളിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പരിരക്ഷ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം. 130/2018-19 -പരിരക്ഷ

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ടിനം- മെയിന്റെനൻസ് ഫണ്ട് (നോൺ റോഡ്)

അടങ്കൽ-900000 രൂപ
ചെലവ്: 342428

ബിൽ നം.06/01.02.2019, 07/21.02.2019

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), നടപ്പാക്കിയ മേൽ പ്രൊജക്ടിൽ ബിൽ ബുക്ക് പ്രകാരം 250000 രൂപ (ബിൽ നം.06/01.02.2019 ) പരിരക്ഷക്ക് മരുന്നുകൾ വാങ്ങിയ ഇനത്തിലും, 92428 രൂപ ( ബിൽ നം.07/21.02.2019) മറ്റു പരിരക്ഷ പ്രവർത്തനങ്ങൾക്കും ചെലവ് വന്നിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 342428 രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 1/16.11.2020) ആദ്യ മറുപടിക്കൊപ്പം ചെലവ് രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-30 കുടിവെള്ള പദ്ധതികൾ-ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല-വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കുന്നു.

പഞ്ചായത്തിലുള്ള 4 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2018-19 വർഷത്തിൽ ആകെ 1,02,200 രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കുടിവെള്ള പദ്ധതി | വൈദ്യുത ചാർജ് |
|---|---|
| കൈമലശ്ശേരി | 77,326 |
| മേപ്പാടം | 6,195 |
| മുള്ളൻമട | 17,525 |
| ശങ്കരൻ പറമ്പ് എസ്.സി.കോളനി | 1,154 |
| | 1,02,200 |

കേരളാ വാട്ടർ അതോറിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളും,സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്ന കുടിവെള്ള പദ്ധതികളും അവയുടെ തുടർ നടത്തിപ്പിനായി ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്നും അവയുടെ നടത്തിപ്പ്,മെയിന്റനൻസ് ചെലവുകൾ ടി സമിതികൾ വഹിക്കേണ്ടതാണെന്നും,30-5-09 ലെ സ.ഉ.(സാ)1275/2009/L.S.G.D ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.വെള്ളക്കരമിനത്തിൽ സമിതികൾക്ക് ലഭിക്കുന്ന തുക നടത്തിപ്പ്,മെയിന്റനൻസ് ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ മാത്രമേ ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടുള്ളൂവെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ടി നിർദ്ദേശങ്ങൾ പഞ്ചായത്ത്പാലിച്ചിട്ടില്ല. മുൻ വർഷത്തിലും മേൽ പദ്ധതികളുടെവൈദ്യുത ചാർജ് തനത്ഫണ്ടിൽ നിന്ന് തന്നെയാണ് അടവാക്കിയിട്ടുള്ളത് .

നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതി രൂപീകരിച്ച് അവർക്ക് കൈമാറുകയും തുടർചെലവുകൾ സമിതി തന്നെ വഹിക്കുകയുമാണ് വേണ്ടത് എന്ന് 30-06-18ൽ ചേർന്ന ഭരണസമിതി യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു എങ്കിലും ടി അഭിപ്രായം ഭരണസമിതി ഐകകണ്ഠ്യേന നിരാകരിക്കുകയുണ്ടായത്. തനത് ഫണ്ടിൽ നിന്നും വർഷം തോറും വലിയ തുകകൾ മേൽ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട് . ആയതിനാൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം മേൽ കുടിവെള്ള പദ്ധതികൾഗുണഭോക്തൃ സമിതികൾക്ക് കൈമാറി തുടർചെലവുകൾ അവരെ ഏലിപിക്കുകയോ അല്ലെങ്കിൽ തനത് ഫണ്ടിൽ നിന്ന് ചെലവുകൾ നടത്തുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-31 NREGS - 16-17 വർഷത്തിൽ ചെയ്ത പ്രവൃത്തികൾ _ MIS ൽ ക്ലോസ് ചെയ്തിട്ടില്ല

NREGS പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 വർഷത്തിൽ ചെയ്ത ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾ പൂർത്തീയാക്കിയെങ്കിലും തുക പൂർണമായി അനുവദിച്ചിട്ടില്ലെന്ന് കണ്ടു. (തൊഴിലാളികൾക്കുള്ള വേതനം മാത്രമാണ് നൽകിയിട്ടുള്ളത്).

| പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|
| മേടമ്മൽ ഇരിയപ്പെട്ടി തോട് സൈഡ് കെട്ടി ഫുട്പാത്ത് നിർമ്മാണം | 13,920 |
| ചേമ്പുംപടി ഇരിയപ്പെട്ടി കൈനിക്കര നടപ്പാത വീതി കൂട്ടൽ | 31,920 |
| ട്രാൻസ് ഫോർമർ പൊൻമുണ്ടം റോഡ് മണ്ണിട്ട കോൺക്രീറ്റ് ചെയ്യൽ | 30,738 |
| ഇഖ്റഹ്ആനപ്പടി ഫുട്പാത്ത് നിർമ്മാണം | 3,01,679 |
| ആകെ = | 3,78,257 |

മേൽ പ്രവൃത്തികൾക്കായി ഉപയോഗിച്ച ചെങ്കല്ല് ഗുണനിലവാരം ഇല്ലാത്തതാണെന്ന് അക്രഡിറ്റഡ് എൻജിനീയറായിരുന്ന ശ്രീ അനൂപ് റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് (No. A2-4641/18, തീ: 20-01-18) മേൽ പ്രവൃത്തികൾക്ക് ബിൽ പേയ്മെന്റ് നൽകാതിരുന്നത്.ആദ്യ രണ്ട് പ്രവൃത്തികൾ പൂർത്തിയായതിന് ശേഷമാണ് കല്ല് ഗുണനിലവാരം ഇല്ലാത്തതാണെന്ന് അസി. എൻജിനീയർ റിപ്പോർട്ട് ചെയ്തതെന്ന് മേൽ പ്രവൃത്തികൾ സംബന്ധിച്ച് 22-2-19ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിന്റെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ടി യോഗത്തിൽ മേൽ വിഷയത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം തീരുമാനം എടുത്തതായി കാണുന്നു(തീരുമാനം നമ്പർ : 5(1-4)).

"ഈ നാല് പ്രവൃത്തികളും MISൽ നിലവിലുള്ള അവസ്ഥയിൽ ക്ലോസ് ചെയ്യുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു. ചെലവഴിച്ച 3,78,257 രൂപ ഉത്തരവാദിയായ അക്രെഡിറ്റഡ് എൻജിനീയറിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു."

22-02-2019ലെ ഭരണസമിതി തീരുമാനത്തിന്മേൽ സെക്രട്ടറി സ്വീകരിച്ച തുടർ നടപടികൾ തുക ഈടാക്കിയ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ആയോധന കലാ പരിശീലനം - വ്യക്തമായ വ്യവസ്ഥകളോ കരാറോ ഇല്ലാതെ നടപ്പാക്കിയത്-അനർഹമായി ചെലവഴിച്ച തുക തിരിച്ചടവാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ആയോധന കലാ പരിശീലനം (36/19) എന്ന പ്രൊജക്ടിൽ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 1 ലക്ഷം രൂപ ട്രെയിനർ ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി. ശിൽപ.പി.ടി എന്നയാൾക്ക് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ 36/18 തിയ്യതി 11.2.19).

വ്യക്തമായ കരാർ വ്യവസ്ഥകൾ ഇല്ലാതെ ട്രെയിനറെ തെരഞ്ഞെടുക്കുകയും പരിശീലനം ആരംഭിക്കുകയും ചെയ്തതിനാലും മാനദണ്ഡങ്ങൾ ഒന്നും രൂപപ്പെടുത്താത്തതിനാലും പ്രൊജക്ടിൽ ആകെ ചെലവഴിച്ച ഒരു ലക്ഷം രൂപയിൽ 86,500 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.വിശദമായ പരാമർശം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-33 വീട് വാസ യോഗ്യമാക്കൽ മൂല്യ നിർണ്ണയ രേഖകൾ ഹാജരാക്കാതെ ധനസഹായം അനുവദിക്കുന്നത് ക്രമപ്രകാരമല്ല

അടങ്കൽ 990000 ( വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് 930000 ( വികസന ഫണ്ട് പൊതുവിഭാഗം)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസ യോഗ്യമാക്കൽ എന്ന പദ്ധതിക്കായി (18/19 ) 30,000 രൂപ വീതം 31 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. വികസന ഫണ്ട് -പൊതു വിഭാഗത്തിൽ നിന്നും ധനസഹായം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ജി.ഒ (എം.എസ്) നം. 22/2018/ത.സ്വ.ഭ.വ തിയ്യതി 14.02.18 മാർഗ്ഗരേഖ ഖ. 6.7.6 പ്രകാരം അവസാന ഗഡു തുക നൽകുന്നതിന് മുമ്പ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയ പ്രകാരമായിരിക്കണം തുക നൽകേണ്ടത്. എന്നാൽ മേൽ മാനദണ്ഡം പാലിക്കാതെയാണ് തുക അനുവദിച്ചു കാണുന്നത്. പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖ പാലിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 12/17-11-20 മുഖേന ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതി സംബന്ധിച്ച് വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ആയോധന കലാ പരിശീലനം - വ്യക്തമായ വ്യവസ്ഥകളോ കരാറോ ഇല്ലാതെ നടപ്പാക്കി-അനർഹമായി ചെലവഴിച്ച തുക തിരിച്ചടവാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ആയോധന കലാ പരിശീലനം (നമ്പർ 36/19) എന്ന പ്രൊജക്ടിൽ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 1 ലക്ഷം രൂപ ട്രെയിനർ ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി. ശിൽപ.പി.ടി എന്നയാൾക്ക് താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. (ട്രഷറി ബിൽ 36/18 തിയ്യതി 11.2.19).

ഹോണറേറിയം - 70,000 രൂപ

പരീക്ഷ ഫീസ് - 26400 രൂപ.

മറ്റു ചെലവുകൾ - 3600 രൂപ.

പ്രൊജക്ട് നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ താഴെ പറയും പ്രകാരം അപാകതകൾ ഉള്ളതായി കണ്ടു.

1. അംഗീകാരം ലഭിച്ച പ്രൊജക്ട് പ്രകാരം കരാട്ടെ പരിശീലനത്തിന് 70,000 രൂപയും ഭൗതിക സാഹചര്യം ഒരുക്കലിനും മറ്റു ചെലവുകൾക്കും 30,000 രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഭൗതിക സാഹചര്യമൊരുക്കൽ എന്നതിൽ എന്തൊക്കെ പ്രവർത്തനങ്ങളാണെന്ന് വ്യക്തമാക്കാതെയാണ് പ്രൊജക്ട് ഏറ്റെടുത്തത്.

2. 27.06.2018 ലെ ക്വട്ടേഷൻ പരസ്യം പ്രകാരം ഒരു കുട്ടിക്ക് 30 ദിവസം, 30 മണിക്കൂർ ക്ലാസ് നൽകുന്നതിന് പ്ലസ് ടു പാസായ, ആയോധനകല/ കരാട്ടെ പരിശീലനത്തിൽ യോഗ്യത നേടിയ വനിതാ ഇൻസ്ട്രക്ടറിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ലഭിച്ച മൂന്ന് അപേക്ഷകൾ ഫയലിൽ ഉണ്ട്. എന്നാൽ ലഭ്യമായ ക്വട്ടേഷനുകളിൽ ഒന്നും തന്നെ ഏത് നിരക്കിലാണ് എന്ന് വ്യക്തമാക്കാതെ ക്ലാസ് എടുക്കാൻ സന്നദ്ധത അറിയിക്കുക മാത്രമാണ് പരിശീലകർ ചെയ്തിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ5-7-18 ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 31.07.2018 ലെ 3(4) തീരുമാനമായി ഭരണ സമിതി പരിശീലകയെ അംഗീകരിച്ചു.

3. നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ പഠിതാക്കളുടെ ഹാജർ പുസ്തകം പ്രകാരം 2018 ജൂലായ് 6 മുതൽ 33 കുട്ടികൾക്ക് പരിശീലനം നൽകി തുടങ്ങിയതായി കാണുന്നു. (ഏത് തീയതിയ വരെ നൽകി എന്ന് വ്യക്തമല്ല ) എന്നാൽ പരിശീലനം നൽകുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയുമായി ഏതെങ്കിലും തരത്തിൽ കരാറിൽ ഏർപ്പെടുകയോ വ്യവസ്ഥകൾ അറിയിക്കുകയോ ചെയ്തതായി കാണുന്നില്ല. 9.10.2018 തിയ്യതിയിലുള്ള ഒരു സ്റ്റാമ്പ് പേപ്പർ ഫയലിൽ വാങ്ങി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല പരിശീലകരെ ഭരണ സമിതി അംഗീകരിക്കുന്നത് 31-07-2018ന് മാത്രമാണ്. അംഗീകാരം ലഭിക്കുന്നതിന് മുമ്പ് പരിശീലനത്തിന് അനുമതി നൽകിയത് തെറ്റായ നടപടിയാണ്.

4. മറ്റു ചെലവുകൾ, പരീക്ഷാ ഫീസ് എന്നയിനത്തിൽ 30000 രൂപയും പരിശീലനം നൽകിയതിന് 70,000 രൂപയും ഉൾപ്പെടെ 1 ലക്ഷം രൂപ ട്രെയിനറുടെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഒരു കുട്ടിക്ക് 300 രൂപ പ്രകാരം ഒരു മണിക്കൂർ വെച്ച് 30 മണിക്കൂർ പരിശീലനം നൽകിയതിന് 70,000 രൂപ കിട്ടിയതായി രശീതി ഹാജരാക്കിയിട്ടുണ്ട്. ഈ നിരക്കിൽ നൽകുന്നതിനായി പരിശീലക നിരക്ക് ക്വാട്ട് ചെയ്യുകയോ നിരക്ക് ചൂണ്ടിക്കാട്ടി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. യാതൊരു തരത്തിലുള്ള പിൻബലവുമലില്ലാതെ തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5.പരിശീലനത്തിന് ലഭിച്ച 3 ക്വട്ടേഷനുകളിൽ ശിൽപ പി.ടി എന്നയാൾ കരാട്ടെ ഡിപ്ലോമയും രഞ്ജിഷ എന്നയാൾ കരാട്ടെ ബ്ലാക്ക് ബെൽറ്റും ഉള്ളവരാണ്. നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയ താരതമ്യ പത്രികയിൽ ശിൽപ പി.ടി അപേക്ഷയോടൊപ്പം അംഗീകാരം സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയതായും, മറ്റു രണ്ടുപേർ അംഗീകാരം സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല, അപേക്ഷയോടൊപ്പം സ്പോർട്സ് കൌൺസിലിന്റെ അംഗീകാരം സംബന്ധിച്ച രേഖകൾ ആരും ഹാജരാക്കിയിട്ടില്ല.

6. 33 പഠിതാക്കളുടെ പരീക്ഷാ ഫീസായി 800 രൂപ നിരക്കിൽ 26400 രൂപയും രജിസ്റ്ററുകൾ , റിഫ്രഷ്മെന്റ് എന്നിവക്കായി 3600 രൂപയും ട്രെയിനർക്ക് നൽകി.ഇത്തരം ചെലവുകൾ സംബന്ധിച്ച് പ്രൊജക്ടിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയോ ട്രയിനറുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. കൃത്യമായ നിരക്ക് നിശ്ചയിക്കാതെ പ്രൊജക്ടിൽ വകയിരുത്തിയ തുക മുഴുവനായി കൈമാറിയത് ക്രമ പ്രകാരമല്ല. പരിശീലനം നൽകുന്നതിന് പ്രതിഫലം നൽകുന്നതിന് പുറമെ പരീക്ഷാ ഫീസായി മുൻകൂർ തീരുമാനമോ കരാറോ ഇല്ലാതെ തുക നൽകിയതും ക്രമ പ്രകാരമല്ല. മറ്റു ചെലവുകൾക്കായി അനുവദിച്ച 3600/-രൂപ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതി അംഗീകരിക്കുന്നു. എന്നാൽ 26400/-രൂപ അനുവദിച്ചതിന് ആധാരമായ രേഖകളുടെ അഭാവത്തിൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

7. ഒരു കുട്ടിക്ക് 300 രൂപ പ്രകാരം ഒരു മണിക്കൂർ വെച്ച് ആകെ 30 മണിക്കൂർ പരിശീലനം നൽകിയതിന് 70,000 രൂപ കിട്ടിയതായി പരിശീലക രശീതി ഹാജരാക്കിയിട്ടുണ്ട്. ഈ നിരക്കും ക്വട്ടേഷൻ പരസ്യവും പ്രകാരം ഒരു കുട്ടിക്ക് 30 മണിക്കൂർ പരിശീലനത്തിന് 300 രൂപ പ്രകാരം 33 കുട്ടികൾക്ക് നൽകാവുന്ന തുക 33*300= 9900 രൂപ മാത്രമാണ്. എന്നാൽ ഇതിന് പകരമായി 70000/-രൂപ നൽകിയതിനാൽ 60,100 രൂപ അനർഹമായി പരിശീലകന് നൽകിയതായി കണക്കാക്കുന്നു. ആയത് തിരിച്ചടവാക്കേണ്ടതാണ്.
ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 23/19-11-20 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
പ്രൊജക്ടിൽ ആകെ ചെലവഴിച്ച ഒരു ലക്ഷം രൂപയിൽ 86,500(26400+60100) രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് വ്യക്തമായ കരാർ വ്യവസ്ഥകൾ ഇല്ലാതെ ട്രെയിനറെ തെരഞ്ഞെടുക്കുകയും പരിശീലനം ആരംഭിക്കുകയും ചെയ്ത 5.7.18 ന് ചാർജ് ഉണ്ടായിരുന്നനിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|

| | | |
|---|---|---|
| 2018-19 | 08.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ.എം.പി.എം. 10/847/2019<br>തിയ്യതി: 24.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | തൻവർഷ നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 510000 | പ്രോ.നം-012/18-19<br>നെൽ കൃഷി വികസനം | 510000 | 510000 |
| | 42500 | പ്രോ.നം-22/18-19<br>പച്ചക്കറി കൃഷി | 42500 | 0 |
| | 100000 | പ്രോ.നം-130/18-19<br>പരിരക്ഷ പദ്ധതി | 0 | 100000 |
| | 250000 | പ്രോ.നം-30/18-19<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| | 100000 | പ്രോ.നം-145/18-19<br>അഗതി രഹിത കേരളം | 0 | 100000 |
| ആകെ | 1002500 | | 891176 | 1121324 |
| ജില്ലാ പഞ്ചായത്ത് | 2231380 | പ്രോ.നം-145/18-19<br>ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) | 2192729 | 38651 |
| | 564200 | പ്രോ.നം-19/18-19<br>ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി) | 0 | 564200 |
| | 250000 | പ്രോ.നം-06/18-19<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| ആകെ | 3045580 | | 2642729 | 602851 |
| ഗ്രാമ പഞ്ചായത്ത് | 1200000 | പ്രോ.നം-225/19<br>സംയുക്ത കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ | 0 | 1200000 |

<u>കുറിപ്പ്:-</u>
സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗ വിവരം വ്യക്തമാക്കുന്ന രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്താനായിട്ടില്ല.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| PWD | (പ്രോ.നം-223/18-19) അ ഗണവാടിനിർമ്മാണം | ട്രഷറി ബിൽ നം. 21800800/ 28.02.2019 | 580000 | 0 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 580000 |
| KSEB | PC/19/10,79/11,79/12എന്നീ വൈദ്യുതി പോസ്റ്റുകളും അനുബന്ധ ലൈനുകളും മാറ്റി സ്ഥാപിക്കൽ | 21800637/1-1-19 | 33064 | -- | ---- | ---- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി | | 7270000 | 0 | 0 | 0 | 7270000 |
| 2 | HUDCO | | 5487271 | 0 | 0 | 0 | 5487271 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2012-13 | 2.4(1) | 8804 | വി.കെ വൽസലൻ | 118130105739/28.12.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3(1) | 2006-07 | -- | തയ്യൽ മെഷീൻ കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല 31520 രൂപ | നടപടി തുടരുന്നു |
| 1998-99 | 3(9) | 2007-08 | -- | വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു |
| 2015-16 | 2(4) | 2016-17 | -- | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടി തുടരുന്നു |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2008-09 | 2-1<br>2-3b<br>2-3a<br>2-2<br>3-1a<br>3-1b<br>3-2<br>3-8 | P.Haridasan | LF10423/sp.cell/<br>scD1/12/15.6.15<br>LF10423/sp.cell/<br>scD1/12/16-7-14<br>LF10423/sp.cell/<br>scD1/12/16-7-14 | 2890<br>1140<br>150<br>2333<br>40000<br>30000<br>45520<br>5000 | | | | | | 2890<br>1140<br>150<br>2333<br>40000<br>30000<br>45520<br>5000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106695909 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86369135 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 86500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1605458 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 86500 | റംലത്ത് . ടി , ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 599966 | ഡോ. അസർ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-24 | 580000 | അബ്ബാസ്,സെക്രട്ടറി |
| 1-25 | 33064 | അബ്ബാസ്,സെക്രട്ടറി |
| 1-27 | 50000 | ഡോ.സൈറമോൾ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 1-29 | 342428 | ഡോ. അസർ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 1605458 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റംലത്ത് . ടി , ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ , തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് | തടത്തിൽ (വീട്) പെരുവള്ളൂർ (പി.ഒ) കൊണ്ടോട്ടി (വഴി) 673638 ഫോൺ-9497871675 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.എം.7/326 തീയതി: 05.01.91 | 1 |
| 1985-86 | എൽ.എഫ്.എം.7/1204/90 തീയതി: 03.04.91 | 3 |
| 1986-87, 1987-88 | എൽ.എഫ്.എം.7/341/92 തീയതി: 30.07.92 | 2 |
| 1997-98 | എൽ.എഫ്.എം.7/246/06 തീയതി: 03.11.2010 | 4 |
| 1998-99 | എൽ.എഫ്.എം.7/1836/06 തീയതി: 03.11.2010 | 22 |
| 1999-2000 | എൽ.എഫ്.എം.14/577/08 തീയതി: 05.10.10 | 3 |
| 2000-2001 | എൽ.എഫ്.എം.14/578/08 തീയതി: 5.10.10 | 11 |
| 2001-02 | എൽ.എഫ്.എം.14/579/08 തീയതി: 5.10.10 | 8 |
| 2002-03 | എൽ.എഫ്.എം.14/580/08 തീയതി: 5.10.10 | 2 |
| 2003-04 | എൽ.എഫ്.എം.14/581/08 തീയതി: 5.10.10 | 11 |
| 2004-05 | എൽ.എഫ്.എം.14/591/09 തീയതി: 5.10.10 | 22 |
| 2005-06 | എൽ.എഫ്.എം.11/881/10 തീയതി: 22.05.12 | 16 |
| 2006-07 | എൽ.എഫ്.എം.11/882/10 തീയതി: 22.05.12 | 10 |
| 2007-08 | എൽ.എഫ്.എം.17/507/11 തീയതി: 20.5.11 | 13 |
| 2008-09 | എൽ.എഫ്.എം.17/508/11 തീയതി: 25.5.11 | 22 |

| | | |
|---|---|---|
| 2009-10, 2010-11 | എൽ.എഫ്.എം.17/1212/13 തീയതി: 17.7.13 | 12 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/72/2016 തീയതി: 24.11.2016 | 13 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.17/2040/16 തീയതി: 04-08-16 | 17 |
| 2015-16 | കെ.എസ്.എ.എം.പി.എം..17/21/2017 തീയതി: 20-02-18 | 13 |
| 2016-17 | കെ.എസ്.എ.എം.പി.എം.17/2037/2017 തീയതി: 09-07-18 | 20 |
| 2017-18 | കെ.എസ്.എ.എം.പി.എം.17/577/2019 തീയതി: 30.03.2019 | 14 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),**
**മലപ്പുറം**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം. 17/1241/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 24.08.2019

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ

സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.